## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2174** **23.3.2012-ൽ മറുപടിക്ക്**

**രാജീവ്ഗാന്ധി ആവാസ് യോജന**

| ചോദ്യം | *ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ:<br>" വർക്കല കഹാർ:<br>" ഷാഫി പറമ്പിൽ:<br>" പാലോട് രവി: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) രാജീവ് ഗാന്ധി ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) 'ചേരി രഹിത ഇന്ത്യ' എന്ന ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് രാജീവ് ആവാസ് യോജന. ചേരി രഹിത നഗരം എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലുള്ള ചേരികളെ നഗരത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന തരത്തിൽ നഗരവികസനം ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ള സമയബന്ധിത കർമ്മ പരിപാടിയാണ്. പാർപ്പിടം, മറ്റ് സാമൂഹ്യവും അല്ലാതെയുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിലൂടെയും പുനരുദ്ധാരണത്തിലൂടെയും നഗര ചേരികളെ മൊത്തം നഗരവികസനത്തിന്റെ ഭാഗമാക്കി വികസിപ്പിക്കുകയാണിവിടെ ചെയ്യുന്നത്.<br>നഗരപ്രദേശത്തെ മറ്റിടങ്ങളിൽ വികസനത്തിന്റെ ഭാഗമായി ലഭ്യമാകുന്ന അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നിലവിലുള്ള ചേരി നിവാസികൾക്കും ഒരുക്കി കൊടുക്കുന്നതിനായി അവയെ ഇന്നത്തെ ഔദ്യോഗിക നഗരവ്യവസ്ഥയ്ക്കുള്ളിൽ ഉൾപ്പെടുത്തുക, നഗരചേരികളുടെ സൃഷ്ടിയേയും, വളർച്ചയേയും സഹായിക്കുന്ന ഇന്നത്തെ ഔദ്യോഗിക നഗര വ്യവസ്ഥിതിയുടെ പരാജയം മാറ്റിയെടുക്കുക, നഗരചേരിനിവാസികളെ തങ്ങളുടെ തൊഴിലും ഉപജീവനവും നിലനിർത്തുന്നതിലേക്ക് വേണ്ട നിയമപരിരക്ഷ ആർജ്ജിക്കുന്നതിന് സഹായിക്കുക, നഗരത്തിലെ പാവപ്പെട്ടവർക്ക് അപ്രാപ്യമായ |

തരത്തിൽ ഇന്ന് നിലനിൽക്കുന്ന നഗര ഭൂമിയിൻമേലും പാർപ്പിടങ്ങളിലും അവർക്കുള്ള ഉടമസ്ഥാവകാശ ത്തിലുള്ള കുറവ് പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ബഹുമുഖ സമീപനങ്ങളോടെ നഗരചേരികളുടെ പ്രശ്നങ്ങൾ സമ്പൂർണ്ണമായും കൃത്യമായും പരിഹരിക്കുക എന്നതാണ് രാജീവ് ആവാസ് യോജനയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിലൂടെ ഇന്ന് നിലവിലുള്ള നഗരവികസനനയത്തിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങൾ കൊണ്ടുവരികയും നഗരവികസന പ്രക്രിയ എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യനീതി പുലർത്തുന്നതും ആക്കിമാറ്റുകയും ചെയ്യുന്നു.

ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നത്; വിശദമാക്കുമോ;

ബി) രാജീവ് ആവാസ് യോജന പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്ത നേതൃത്വത്തിൽ ജനകീയമായി കമ്മ്യൂണിറ്റി പങ്കാളിത്തത്തോടെയും വിവിധതലങ്ങളിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും സഹായ സഹകരണത്തോടെയുമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സി) ഇതിന്റെ പൈലറ്റ് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

സി) ഉണ്ട്. തിരുവനന്തപുരം വിഴിഞ്ഞം ഹാർബർ വാർഡിലെ മതിപ്പുറം ചേരിയുടെ സമഗ്രവികസനത്തിനായി 71.86 കോടിയുടെ പൈലറ്റ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി 2012 ജനുവരിയിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1032 കുടുംബങ്ങൾക്ക് വീടും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങളും ലഭ്യമാകും. മറ്റ് കോർപ്പറേഷനുകളിൽ പൈലറ്റ് പദ്ധതിക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഏജൻസികൾ/ സ്ഥാപനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1. | ആർക്കിടെക്ചർ വിഭാഗം. TKM Engineering College, Kollam | ചേരിയുടെ പ്രാഥമിക ഭൂപടം തയ്യാറാക്കുന്നതിന്. |
| 2. | COSTFORD,Rajagiri Outreach (ROSS), Loyola Extension Service (LES), Centre for Management Studies(CMD) | ചേരികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ (സർക്കാർ മാനദണ്ഡങ്ങൾ ബാധകമാണോ എന്ന പരിശോധന) |
| 3. | COSTFORD, C-EARTH, MAITHRI, Socio Economic Unit Foundation (SEUF) | പൈലറ്റ് പ്രോജക്ടിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന്. |
| 4. | കുടുംബശ്രീ സംഘടനാ സംവിധാനം | ചേരികളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുന്നതിന്. |
| 5. | COSTFORD,Rajagiri Outreach (ROSS) | ചേരികളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ പരിശോധന. |
| 6. | കുടുംബശ്രീ ഐ.ടി യൂണിറ്റുകൾ | സർവ്വേ ഡേറ്റാ എൻട്രി |
| 7. | IL & FS, Delhi: CEPT University, Ahmedabad. | ചേരിരഹിത നഗരാസൂത്രണം (Slum Free City Plan preparation) |
| 8. | IL & FS, Delhi | GIS Mapping |
| 9. | Voyants, Gurgaon ; Mahindra, Chennai | ചേരിരഹിത നഗരാസൂത്രണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള DPR തയ്യാറാക്കുന്നതിന്. |

സെക്ഷൻ ഓഫീസർ